مجلس كليات سمستا للبنات
COUNCIL OF SAMASTHA WOMENS COLLEGES

SKIMVB
SAMASTHA KERALA ISLAM MATHA VIDYABHYASA BOARD



# AFFILIATION RULES AND REGULATIONS

# Council of Samastha Women's Colleges

## Under : SKIMVB


Samasthalayam, Chelari, Thenhippalam (po)
Malappuram - 673636, Kerala, India
Ph : 773657 6333, 0494 2400256



CSWC
مجلس كليات سمستا للبنات
COUNCIL OF SAMASTHA
WOMENS COLLEGES

# യോഗ്യത

അഫിലിയേഷനു വേണ്ടി അപേക്ഷിക്കുന്ന സ്ഥാപനവും മാനേജ്മെന്റും സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെയും അതിന്റെ കീഴ്ഘടകമായ സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിന്റെയും ആശയാദർശങ്ങൾ അംഗീകരിക്കുന്നവരും പ്രവർത്തനങ്ങളിൽ സഹകരിക്കുന്നവരുമായിരിക്കേണ്ടതാണ്.

## ACCOUNT DETAILS

SAMASTHA WOMENS
ISLAMIC ARTS COLLEGE
Bank : South Indian Bank
Branch : Chelari
A/C No. : 0478073000000393
IFSC Code: SIBL0000478

## Contact us:

+91 77365 76333
www.cswc.in
mailswiac@gmail.com
SAMASTHA_FADHILA_FADHEELA
FADHILA ONLINE

# ഉത്തരവാദിത്വങ്ങൾ

CSWC യുടെ സിലബസ് അംഗീകരിക്കുക, മുഴുവൻ പാഠപുസ്തകങ്ങളും പഠിപ്പിക്കുക, പഠന, പഠനാനുബന്ധ പ്രവർത്തനങ്ങളും പരീക്ഷകളും കൃത്യമായി നടത്തുക, CSWC നടത്തുന്ന പ്രിൻസിപ്പാൾ, മാനേജ്മെന്റ് മീറ്റിംഗുകളിൽ ബന്ധപ്പെട്ടവർ പങ്കെടുക്കുക. ടീച്ചേർസ് വർക്ക്ഷോപ്പുകളിൽ അധ്യാപകരെ നിർബന്ധമായും പങ്കെടുപ്പിക്കുക. ആർട്സ് ഫെസ്റ്റ് പോലുള്ള പാഠ്യേതര പ്രവർത്തനങ്ങളിൽ സ്ഥാപനത്തിന്റെ സാന്നിധ്യം ഉറപ്പു വരുത്തുക, CSWC യുടെ ഓഫീസിൽ നിന്നും ലഭ്യമാകുന്ന അറിയിപ്പുകൾ അനുസരിക്കുകയും കൃത്യമായി നടത്തുകയും ചെയ്യുക, തുടങ്ങിയ കാര്യങ്ങൾ സ്ഥാപനങ്ങൾ നിർബന്ധിത ബാധ്യതയായി ഏറ്റെടുക്കേണ്ടതാണ്.



# ഭൗതിക സൗകര്യങ്ങളും ഭൂപരിധിയും

## ക്ലാസ് റൂം

- ചുറ്റുമതിലോടു കൂടിയ നിയമാനുസൃതമായ കെട്ടിടം
- ഓരോ ക്ലാസ് റൂമും 30x20 (sqft) വിസ്തൃതിയിൽ (ഒരു വിദ്യാർത്ഥിനിക്ക് മിനിമം 8 സ്ക്വയർ ഫീറ്റ് സൗകര്യം) ക്രമീകരിക്കേണ്ടതാണ്.
- രണ്ട് ക്ലാസുകൾക്കിടയിൽ സ്ക്രീനുകളോ മറ്റു താത്കാലിക ഡിവൈഡറുകളോ മതിയാവുകയില്ല
- ഒരു ക്ലാസ്സിൽ ചുരുങ്ങിയത് പത്ത് കുട്ടികൾ ഉണ്ടായിരിക്കേതാണ്, മാക്സിമം 50 വരെ ആകാം.
- ക്ലാസ് റൂമുകളിൽ മതിയായ ലൈറ്റ്, ശീതീകരണ സംവിധാനം (മിനിമം 2 റ്റൂബ് 2 ഫാൻ ഉണ്ടായിരിക്കണം.
- ഓരോ ക്ലാസ് മുറിയിലും 6 അടി വീതം നീളമുള്ള ഒരു ബെഞ്ച് ഒരു ഡെസ്ക് എന്ന ക്രമത്തിൽ ആവിശ്യാനുസരണം സജ്ജീകരിക്കേണ്ടതാണ്.
- ബ്ലാക്ക് ബോർഡ്, പുസ്തകം വെക്കാൻ ആവശ്യമായ ഷെൽഫുകൾ അധ്യാപകർക്ക് മേശ കസേര എന്നിവ ഉണ്ടായിരിക്കണം.



مجلس كليات سمستا للبنات
COUNCIL OF SAMASTHA WOMENS COLLEGES

## ക്രമീകരണം

- പുസ്തകങ്ങൾ ഭംഗിയായി അടുക്കി വെക്കാൻ ആവശ്യമായ ഷെൽഫ് പീരിയോഡിക്കൽസ് ഡിസ്പ്ലേ സ്റ്റാന്റ്.കാറ്റലോഗ്, രജിസ്റ്ററിങ് സംവിധാനം.
- 20% വിദ്യാർത്ഥികൾക്ക് വായിക്കാൻ ആവശ്യമായ ടേബിൾ കസേര.

# ഓഫീസ്

- ആവശ്യമായ ഫർണിച്ചറുകൾ : മേശ, ഷെൽഫ്, കസേരകൾ, സന്ദർശകർക്ക് ഇരിപ്പിട സൗകര്യം.
- ഉപകരണങ്ങൾ : കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ
- ഫയലുകൾ : ഫാദില, ഫദീല ഫയൽ, കോളേജ് ഫയൽ
- രജിസ്റ്ററുകൾ : സ്റ്റുഡന്റ് അഡ്മിഷൻ, സ്റ്റുഡന്റ് അറ്റെൻഡൻസ് രജിസ്റ്റർ, ടീച്ചേഴ്സ് അറ്റെൻഡൻസ് രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, മെഡിക്കൽ രജിസ്റ്റർ, സ്റ്റുഡന്റ്സ് മൂവ്മെന്റ് രജിസ്റ്റർ, ലീവ് രജിസ്റ്റർ, അസംബ്ലി ഡയറി, സ്റ്റാഫ് മീറ്റിംഗ് രജിസ്റ്റർ, മെമ്മോ ബുക്ക്,സീൽ, ലെറ്റർപാഡ്, നോട്ടീസ് ബോർഡ്, ഇൻറർനെറ്റ് കണക്ഷൻ.

# പ്രിൻസിപ്പൽ ഓഫീസ്

- മേശ, കസേര, ഷെൽഫ്, സന്ദർശകർക്ക് ഇരിപ്പിട സൗകര്യം.

# സ്റ്റാഫ് റൂം

- സ്റ്റാഫ് റൂമിൽ അധ്യാപികാ അധ്യാപകന്മാരുടെ എണ്ണത്തിനനുസരിച്ച് മേശ, കസേര, ഷെൽഫ്
- അധ്യാപകർക്കും അധ്യാപികമാർക്കും വെവ്വേറെ സ്റ്റാഫ് റൂമുകൾ സജ്ജീകരിക്കണം

# കമ്പ്യൂട്ടർ ലാബ്

20 കുട്ടികൾക്ക് ഒന്ന് എന്ന തോതിൽ കമ്പ്യൂട്ടറുകളും അതിനാവശ്യമായ ടേബിൾ കസേര തുടങ്ങിയ സൗകര്യങ്ങളും വേണം.

# ഓഡിറ്റോറിയം

എല്ലാ വിദ്യാർഥിനികൾക്കും ഒന്നിച്ചിരിക്കാൻ ഉള്ള സ്ഥലസൗകര്യവും ആവശ്യമായ സൗണ്ട് സിസ്റ്റവും വേണം. വീഡിയോ ഡിസ്പ്ലേ സൗകര്യം അഭികാമ്യം.

# നിസ്കാര ഹാൾ

മുഴുവൻ വിദ്യാർത്ഥിനികൾക്കും ഒന്നിച്ചോ രണ്ടു തവണയായോ നിസ്ക്കരിക്കാൻ സൗകര്യപ്രദമായ നിസ്കാര ഹാൾ സംവിധാനിക്കണം, നിസ്ക്കരിക്കുന്നവരെ പുരുഷന്മാർ കാണാത്ത വിധമായിരിക്കണം ഹാൾ ക്രമീകരിക്കേണ്ടത്. വുളു എടുക്കാനുള്ള സൗകര്യം പ്രത്യേകം സജ്ജമാക്കണം (മൂത്രപ്പുര, കക്കൂസ് മതിയാവുന്നതല്ല). വിദ്യാർത്ഥിനികളുടെ എണ്ണത്തിനു ആനുപാതി കമായി വാട്ടർടാപ്പുകളും സ്ഥലവും ക്രമീകരിക്കണം.

# ലൈബ്രറി

- കോഴ്സിന്റെ രണ്ടു ഘട്ടങ്ങളിൽ താഴെപ്പറയുന്ന സൗകര്യങ്ങളുള്ള ലൈബ്രറി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
- ഓരോ വർഷവും പുസ്തകങ്ങളിൽ മിനിമം 20 ശതമാനം വർദ്ധനവ് വരുത്തേണ്ടതാണ്.
- E-Books സംവിധാനം ഉണ്ടെങ്കിൽ ലൈബ്രറിയിൽ രണ്ട് കമ്പ്യൂട്ടർ എങ്കിലും ലഭ്യമാക്കണം.
- ആദർശ വ്യതിയാനത്തിനു കാരണമായേക്കാവുന്ന ഒരു പ്രസിദ്ധീകരണവും ലൈബ്രറിയിൽ ഉൾപ്പെടുത്താവുന്നതല്ല.

## ലൈബ്രറി സംവിധാനിക്കേണ്ട രൂപം

### ഫാളില (Preparatory)

- മാതൃഭാഷാ (മലയാളം) പുസ്തകങ്ങൾ : 100
- അറബി ബാലസാഹിത്യ കൃതികൾ : 25
- ഇംഗ്ലീഷ് ബാലസാഹിത്യകൃതികൾ: : 25
- സിലബസ് ഗ്രന്ഥങ്ങളും (ഫാദില മതപരവും ഭൗതികപരവും) അതുമായി ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങളും
- ദിനപത്രങ്ങൾ : മലയാളം 1 ഇംഗ്ലീഷ് 1
- ആനുകാലികങ്ങൾ : 1 .മലയാളം 2. ഇംഗ്ലീഷ്

**നിഘണ്ടുകൾ :**

അറബി–മലയാളം, അറബി–ഇംഗ്ലീഷ്, അറബി–അറബി, ഇംഗ്ലീഷ്–മലയാളം, ഇംഗ്ലീഷ്–അറബി, ഇംഗ്ലീഷ്–ഇംഗ്ലീഷ്, മലയാളം–അറബി, മലയാളം–ഇംഗ്ലീഷ്, മലയാളം–മലയാളം

**മാപ്പുകൾ**

അറ്റ്ലസ്, വേൾഡ്, ഇന്ത്യ, കേരളം.

### ഫളീല (Degree)

ഫാദില തലത്തിലെ മുഴുവൻ സൗകര്യങ്ങൾക്കും പുറമേ താഴെപ്പറയുന്ന അധിക സൗകര്യങ്ങൾ.

- അറബി ഗ്രന്ഥങ്ങൾ മിനിമം 100
- ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ മിനിമം 100
- സിലബസ് ഗ്രന്ഥങ്ങളും (ഫദീല : മതപരവും ഭൗതികപരവും) അതുമായി ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങളും.
- ജേണലുകൾ : ഇംഗ്ലീഷ്,അറബി മലയാളം

# നടപടിക്രമങ്ങൾ

അഫിലിയേഷനു വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി www.cswc.in എന്ന വെബ്സൈറ്റിൽ കാണുന്ന റെജിസ്ട്രേഷൻ ലിങ്ക് പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുകയും അതിന്റെ പ്രിന്റെടുത്ത് സൂക്ഷിച്ചു വെക്കേണ്ടതുമാണ്. അപ്ലിക്കേഷൻ ഫീയായി 200 രൂപ ഓഫീസിൽ നേരിട്ടോ, ബാങ്ക് അക്കൗണ്ട് മുഖേനയോ അടക്കേണ്ട താണ്. അപേക്ഷ സമർപ്പിച്ച് രണ്ടാഴ്ച്ചക്കകം CSWCയുടെ കൗൺസിൽ മെമ്പർമാർ അടങ്ങിയ ഔദ്യോഗിക സംഘം സ്ഥാപന പരിശോധനക്കെത്തുന്നതാണ്.

നേരത്തെ പ്രിന്റ് എടുത്തുവെച്ച അപേക്ഷ ഫോം സ്ഥാപനഭാരവാഹികളുടെ ഒപ്പും സീലും രേഖപ്പെടുത്തിയ ശേഷം പരിശോധന സംഘത്തെ ഏൽപ്പിക്കേണ്ട താണ്. പരിശോധകർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ CSWC അഫിലിയേഷൻ സമിതി അനുയോജ്യമായ തീരുമാനമെടുത്ത് ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. അപേക്ഷ അംഗീകരിച്ചതായി ഓഫീസിൽ നിന്നും വിവരം ലഭിക്കുന്ന പക്ഷം കാലതാമസം കൂടാതെ അഫിലിയേഷൻ ഫീസായ 3000 രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിന്റെ റസിപ്റ്റ് ഓഫീസിലേക്ക് അയക്കേണ്ടതുമാണ്. പ്രസ്തുത സ്ഥാപനത്തിന് താൽകാലിക അടിസ്ഥാനത്തിൽ CSWCയുടെ അഫ്‌ലിയേഷൻ സർട്ടിഫിക്കേറ്റ് നൽകപ്പെടുന്നതാണ്.

# നെയിം ബോർഡ്

CSWCയുടെ ലോഗോയും Affiliated to cswc എന്നും അഫ്‌ലിയേഷൻ നമ്പറും രേഖപ്പെടുത്തിയ, നെയിം ബോർഡ് ശ്രദ്ധേയമായ വിധത്തിൽ കോളേജുകളിൽ സ്ഥാപിക്കേണ്ടതാണ്. നെയിം ബോർഡ് 6*4 അടിയിൽ കുറയാത്തതായിരിക്കണം ബോർഡിന്റെ File ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.



# സേവനങ്ങളും സാമ്പത്തിക ബാധ്യതയും

CSWC ഓഫീസ് വിഭാവനം ചെയ്യുന്ന സേവനങ്ങൾ

- Fadhila & Fadheela Semester പരീക്ഷകൾ Office നേരിട്ട് നടത്തുന്നതാണ്.
- അധ്യാപകർക്കുള്ള വർക്ക്ഷോപ്പുകൾ
- Accreditationനു വേണ്ടിയുള്ള അക്കാദമിക് ഇൻസ്പെക്ഷൻ
- വിവിധ റിക്കാർഡുകൾ
- ആർട്സ് ഫെസ്റ്റ് (ഹിയ ഫിയസ്റ്റ)
- മേൽ പറഞ്ഞ പരീക്ഷ ഒഴികെയുള്ള സേവനങ്ങളും അഡ്മിഷൻ ഫീയും ഉൾപ്പെടെ ഒരു വിദ്യാർത്ഥിനിക്ക് ഫാളില –600രൂപ, ഫളീല –750രൂപ അഡ്മിഷൻ സമയത്ത് ഓഫീസിൽ അടക്കേണ്ടതാണ്.
- പരീക്ഷകൾക്കുള്ള ഫീസ് അതത് സമയങ്ങളിൽ അറിയിക്കുന്നതാണ്.

مجلس كليات سمستا للبنات

COUNCIL OF SAMASTHA WOMENS COLLEGES






# അക്രഡിറ്റേഷൻ

CSWC യുടെ ഇൻസ്പെക്ഷൻ ടീം സ്ഥാപനങ്ങൾ സന്ദർശിക്കുന്നതാണ്. Acadmic നിലവാരം, അടിസ്ഥാന സൗകര്യങ്ങൾ, രേഖകൾ എന്നിവ പരിശോധിച്ച് നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് സ്ഥാപനങ്ങൾക്ക് ഗ്രേഡേഷൻ നൽകുന്നതാണ്. CSWC നൽകുന്ന നിർബന്ധിത സേവനങ്ങൾ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിന് പുറമെ ഓപ്ഷണലായി നൽകുന്ന പ്രവർത്തനങ്ങളിലെ പങ്ക്, മീറ്റിംഗുകളിലെ പങ്കാളിത്തം, വെബ്സൈറ്റ് അപഡേഷൻന, പഠന പഠനാനുബന്ധ പ്രവർത്തന മികവുകൾ എന്നിവയും അക്രഡിറ്റേഷനു വേണ്ടി പരിഗണിക്കുന്നതാണ്. അഫിലിയേഷന് ശേഷം ആദ്യ തവണ നടത്തുന്ന വിസിറ്റിംഗ് സ്ഥാപനം ചെലവ് വഹിക്കേണ്ടതില്ല, എന്നാൽ A GRADE ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് നിർദേശിക്കപ്പെട്ട പോരായ്മകൾ പരിഹരിച്ച ശേഷം ഗ്രേഡിൽ മാറ്റം വരുത്തുന്നതിനായി വീണ്ടും പരിശോധന നടത്തുന്ന പക്ഷം ചിലവുകൾ സ്ഥാപനം വഹിക്കേണ്ടതാണ്.

ആദ്യ പരിശോധനയിൽ തന്നെ നിർദേശിക്കപ്പെട്ട പോരായ്മകൾ നിശ്ചിത സമയത്തിനകം പരിഹരിക്കാത്ത പക്ഷം സ്ഥാപനത്തിന്റെ അഫിലിയേഷൻ റദ്ദ് ചെയ്യാൻ CSWC നിർബന്ധിതരാവുന്നതാണ്.

# അഫിലിയേഷൻ പുതുക്കൽ

ഓരോ വർഷവും June 1-൦ തിയ്യതിക്ക് മുമ്പായി CSWC അഫിലിയേഷൻ സ്വീകരിച്ച മുഴുവൻ സ്ഥാപനങ്ങളും 500 രൂപയടച്ച് അഫിലിയേഷൻ പുതുക്കേണ്ടതാണ്. അഫിലിയേഷൻ സ്ഥിരപ്പെടുത്തപ്പെട്ട സ്ഥാപനങ്ങൾ പിന്നീട് പുതുക്കേണ്ടതില്ല.

**ജനറൽ കൺവീനർ**
**CSWC**

مجلس كليات سمستا للبنات
COUNCIL OF SAMASTHA WOMENS COLLEGES